ഫാത്തിമ മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂൾ -കരിങ്കല്ലത്താണി

# അക്ഷരം

## ഡിജിറ്റൽ മാസിക







**അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ**

**പ്രിയ കൂട്ടുകാരി രജിഷമോൾക്ക്**

ആദരാഞ്ജലികൾ

# അടുക്കള

**അർച്ചന**

വീട്ടിൽ ആദ്യം ജനിച്ചവളാണവൾ
അമ്മയുടെ മാവസ പുത്രിയാണവൾ
ഞങ്ങൾ തൻ വിശപ്പും ദാഹവും-
അതിരുകടത്താൻ കഴിവുള്ളവൾ
ഞങ്ങൾതൻ വീട്ടിൽ പിറന്നവൾ അടുക്കള

സൂര്യനദിക്കുന്ന നേരമായാലവൾ
അമ്മയോടൊപ്പം കലപിലശബ്ദങ്ങൾ
ഉണ്ടാക്കിയും ആർത്തുചിരിച്ചും
ഞങ്ങൾക്കുവേണ്ടിപണിയെടുക്കും
തോരനംഅവിയലും ഉപ്പേരിയും
പിന്നെ പായസവും തന്നവൾ-
ഞങ്ങളെ മയക്കും.അമ്മതൻ
സ്നേഹം എത്ര ലഭിച്ചാലും
അമ്മയെയാണവൾ ഉപദ്രവിക്കുകർ
ഞങ്ങൾ തൻ വിശപ്പും ദാഹവും
അകറ്റിയാൽ പിന്നെ അവളപടെ
ശബ്ദമില്ല.

അച്ഛൻ അന്ന് കൊണ്ടുവന്ന വിറക് മുഴവ-
നങ്ങ് കുടിച്ചുതീർത്ത് അമ്മയെ
ഭ്രാന്തിയാക്കാനും അവൾ  മതി
അമ്മയ്ക്ക് എന്നും ഞങ്ങൾ

മക്കളെക്കാൾ പ്രിയം അടു-

ക്കളയോടാണെന്ന് മക്കൾ ......

കഥ

# ഒറ്റപ്പെട്ട എന്റെ ഈ ജീവിതം

നയന

അലഹബാദിലെ ഒരു ചെറുപട്ടണമായിരുന്നു അത്.വിശാലമായ ഒരു പട്ടണം.വളരെയധികം കുന്നുകളും,വയലുകളും,കായലും,കുഞ്ഞു കൈത്തോടുകളും അങ്ങനെ ആരെയും ആകർഷിക്കുന്നതാണ് ആ കൊച്ചു പട്ടണം.ആ ഗ്രാമത്തിലെ വളരെ ദയാമനസ്കനും നല്ലവനുമായ വ്യാപാരിയായിരുന്നു ഹരിശ്ചന്ദ്രൻ.അയാളുടെ ഭാര്യയും അയാളെപ്പോലെ നല്ലവളായിരുന്നു.ഇത്രയും പുണ്യമനസ്സുള്ള അവർക്ക് ഒരു വേദനയേ ഉണ്ടായിരുന്നുള്ളൂ അവർക്ക് ലാളിക്കാനും കൊഞ്ചിക്കാനുമായി ഒരു കുഞ്ഞിനെ ദൈവം അവർക്ക് നൽകിയിരുന്നില്ല.അതിൽ അവർ വളരെയധികം ദു:ഖിതരായിരുന്നു.അവർ ഒരു കുഞ്ഞിനു വേണ്ടി ധാരാളം വഴിപാടുകളും മറ്റും ചെയ്തു.അങ്ങനെ വർഷങ്ങൾക്കുശേഷം അവർക്ക് ഒരു ആൺകുഞ്ഞുണ്ടായി.അതിൽ അവർ വളരെയധികം സന്തോഷിച്ചു.കുട്ടിയുമായി സന്തോഷത്തോടെ ജീവിച്ചിരുന്ന ഹരിശ്ചന്ദനു വേദനയായി ഒരു ദുർവിധി അവർക്കിടയിലേക്ക് വന്നു.ഹരിശ്ചന്ദ്രൻ ഒരു വ്യാപാരാവശ്യത്തിനുവേണ്ടി വേറെ ഒരു പട്ടണത്തിലേക്ക് പോയി.കുട്ടിക്ക് മൂന്നുമാസമായിരുന്നു.കുട്ടിയും അമ്മയും അവിടെ കഴിയവേ ഒരാഴ്ചയിലധികം നിൽക്കാതെ പേമാരി തകർത്തു പെയ്തു.അമ്മയും കുഞ്ഞും എന്തുചെയ്യണമെന്നറിയാതെ വീട്ടിൽ കഴിഞ്ഞു.അവർ ആകെ ഒറ്റപ്പെട്ടുപോയി.അങ്ങനെ ഒരു രാത്രി പെട്ടന്നുള്ള ഉരുൾപൊട്ടൽ പോലെ അവരുടെ വീട്ടിലേക്ക് അവർക്കൊന്നും ചെയ്യാൻ കഴിയും മുമ്പ് വെള്ളം ഇടിച്ചു കയറി.എല്ലാം നശിച്ചു.ഹരിശ്ചന്ദ്രന്റെ പ്രിയ പത്നിയും വർഷങ്ങൾക്കുശേഷം ലഭിച്ച പൊന്നോമനയും

ഓർമ്മയിലേക്കാണ്ടുപോയി.അവർക്കൊപ്പം ആഗ്രാമത്തിലെ നിവാസികളും.അതിൽ കുട്ടികളും,വൃദ്ധരും മാതാപിതാക്കളും സർവചരാചരങ്ങളും എങ്ങോ മാഞ്ഞുപോയി.അത്രയും ജീവൻ പോയതിനുശേഷം മഴയൊന്നു ശാന്തമായി.വ്യാപാരത്തിനുപോയിവന്ന ഹരിശ്ചന്ദ്രൻ കണ്ടകാഴ്ച ഹൃദയത്തെ നടുക്കുന്നതായിരുന്നു.അവൻ പൊട്ടിക്കരഞ്ഞ് മുട്ടുകുത്തി ആ മണ്ണിലിരുന്നുകൊണ്ട് ഉറക്കെ

കഥ

# ഒറ്റപ്പെടലിന്റെ വേദന

വൈഷ്ണവി . വി . പി

ഒരു ദിവസം പെട്ടെന്നാണ് ആ മഹാദുരന്തം സംഭവിച്ചത് . എന്നെ തെരുവുവീഥിയിൽ തനിച്ചാക്കി കൊണ്ടുള്ള മഹാദുരന്തം . രാവിലെ ഉറക്കമുണർന്നപ്പോഴേക്കും എല്ലാം നഷ്ടപ്പെട്ടുപോയിരുന്നു . ഞാൻ അങ്ങനെ വിജനതയിൽ തനിച്ചായി . രാവിലെ ഉറക്കമുണർന്നപ്പോഴേക്കും എന്റെ എല്ലാം എല്ലാമായിരുന്ന എല്ലാവരെയും കൊണ്ട് ആ മഹാദുരന്തം എന്റെ ഗ്രാമത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു . എന്ത് ചെയ്യണമെന്നറിയാതെ ഞാൻ ആ ദുരന്തമുഖത്തിലൂടെ അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരുന്നു . എല്ലാവീടുകളിലും വെള്ളം നിറഞ്ഞുകൊണ്ടിരുന്നു . മൃതശരീരങ്ങൾ അനന്തതയിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു . എന്തു ചെയ്യണമെന്നും എങ്ങോട്ട് പോകണമെന്നും അറിയുന്നില്ല . മനസാകെ തീജ്വാളയിൽ അകപ്പെട്ടിരിക്കുന്നു . രാത്രിയിൽ എല്ലാവരും ഉറക്കത്തിലേക്ക് വീണു . പിന്നീട് ............. രാവിലെ കാണപ്പെടുന്നത് തന്റെ ജീവനായ എല്ലാവരും അനന്തതയിലേക്ക് പറന്നു പോയികൊണ്ടിരിക്കുന്നു . ഭക്ഷണം ലഭിക്കാതെ വിസപ്പ് സബിക്കാൻ കഴിയാതെ ചിലർ , മറ്റുചിലരാകട്ടെ ഒരു തുള്ളി ജലം കുടിക്കാന പോലും കിട്ടാതെ അവശനിലയിലേക്ക് എത്തികൊണ്ടിരിക്കുന്നു . ആരെങ്കിലും ഒന്ന് സഹായിക്കാൻ വന്നിരുന്നെങ്കിൽ എന്ന ഒറ്റ ചിന്ത മാത്രമേ ആ

സമയത്ത് മനസ്സിൽ വന്നിരുന്നുള്ളൂ . അയൽവീടുകളിലെ ളുകളെല്ലൊം ഭയന്ന് ടെറസിന്റെ മുകളിൽ നിൽക്കുകയാണ് . ഇനി എന്തു സംഭവിക്കുമെന്നോ ഇനി ആര് സഹായിക്കാൻ വരുമെന്നോ അറിയാതെ ഞാൻ ആ ഉജ്ജ്വലതയിൽ തനിച്ചായി . ആരെങ്കിലും ഒന്ന് വന്ന് കുറച്ച് ദാഹജലം തന്നിരുന്നെങ്കിൽ . പുഴകളും നദികളും തോടുകളുമെല്ലാം പ്രക്ഷോഭകരമായി തീർന്നിരിക്കുന്നു . ഒരു സഹായത്തിനു വേണ്ടി ആരാ വരുക എന്ന ചിന്തയിലാണ് . രണ്ടു ദിവസത്തോളം ആ ഒറ്റപ്പെട്ട വീട്ടിൽ വിഹ്വലകളിൽ ഞാൻ തനിച്ചായി . രണ്ടു ദിവസത്തിനുശേഷം പുറം ലോകത്തിലേക്ക് ഒന്ന് എത്തിനോക്കിയപ്പോൾ നിരപരാതികളായ എത്രയോ മൃതശരീരങ്ങൾ ജലോപരിതലത്തിലൂടെ സഞ്ചരിച്ചുകൊണ്ടേയിരുന്നു . നിരവധി ആളുകളുടെ സഹായത്തോടെ ഞാൻ അങ്ങനെ ദുരിതാശ്വാസക്യാമ്പിലേക്ക് എത്തിച്ചേർന്നു . എവിടെ നിന്നോ എത്തിച്ചേർന്ന നിരവധി ആളുകൾ നിരവധി പുതിയമുഖങ്ങൾ . എല്ലാവരുടെയും മുഖത്ത് വേദന നിറഞ്ഞിരിക്കുന്നു . എല്ലാവരുടെയും കണ്ണിൽ നിന്ന് കണ്ണുനീർ  തുളുമ്പി നിൽക്കുന്നു . കുട്ടികളുടെ മുഖത്ത് ഒരു നറുപുഞ്ചിരി ഉയർന്നുവന്നു . പുതിയ നിരവധി കുട്ടികളെ കണ്ട സന്തോഷത്തിലാണ് ആ കുട്ടികൾ . പക്ഷെ ! അവരുടെ വീട് നഷ്ട്പ്പെട്ട വേദന അവരുടെ മനസിൽ ഇപ്പോഴും നിറഞ്ഞിരിക്കുന്നുണ്ട് . അവർ എല്ലാ വേദനകളെയും   സന്തോഷം കൊണ്ട് ഉപേക്ഷിച്ചു കൊണ്ടിരിക്കുകയാണ് . മാതാപിതാക്കളുടെ മനസ്സിൽ ഇനിയുള്ള ജീവിതം എങ്ങനെ തുടരുമെന്ന വേദനയിലാണ് ഓരോരുത്തരുടെയും

**മനസുകൾ സഞ്ചരിക്കുന്നത് . തന്റെ എല്ലാമെല്ലാമായ എല്ലാവരും ഇല്ലാതായി . ഇനി എന്തു ചെയ്യണമെന്ന വിഹ്വലതയാണ് ഓരോരുത്തരുടെയും മനസിൽ നിറഞ്ഞിരിക്കുന്നത് .ആ**

**പ്രകൃതിയോടുള്ള മനുഷ്യരുടെ ക്രൂരമായ പ്രവൃത്തി കാരണം ഭൂമി പൊട്ടിതെറിക്കുകയാണ് . എന്തു ചെയ്യണമെന്നറിയാതെ ജനങ്ങൾ ഇപ്പോൾ വിഹ്വലതകളിൽ ജീവിക്കുകയാണ് . ഓരോരത്തരുടെയും എല്ലാവരും ഇല്ലാതായി . ഇനി എന്തിന് വേണ്ടിയാണ് ജീവിക്കുന്നത് എന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയാണ് .**

കവിത

# രുചിയുടെ കലവറ

അമൃത . കെ . പി
8H

അമ്മതൻ പാദപൂജയാൽ പുണ്യവതിയായി
മാറിയ നാൽച്ചുമരാണിന്നടുക്കള ..........
വിയർപ്പാകുന്ന ജലകണികകൾ കൊണ്ടമ്മതീർ-
ക്കുന്നു തുവെള്ളവറ്റുകൾ
സഹനവും ക്ഷമതയും കൂടികലർത്തി അടുക്കള
സ്വർഗമായ് മാറ്റീടുന്നു .......
പല പല വിഭവനിർമാണത്തിനീന്നീ അടുക്കള
സാക്ഷിയായി .......
കവികൾ തൻ വാക്കിലായ് എഴുതിയടുക്കള
അരങ്ങുകൾ കീഴടക്കുന്നിതാ മർത്യരെ ....
രുചിയുടെ കലവറ അന്നത്തിൻ ഉറവിടം
എന്നീ നിലകളിൽ വാണീടുന്നു ...
അമ്മയുടെ മനസിനെ സാന്ത്വനമാക്കുന്ന
സ്നേഹമായ് അമൃതമാണീ അടുക്കള
ചൊല്ലിലും വാക്കിലും ഒരുപോലെ അറിയുന്ന
സ്നേഹത്തിൻ താഴ്വര .....
പഴങ്ങളെ , ഇലകളെ , പച്ചക്കറികളെ മായാജാലം
പോലെ കൂട്ടുകൾ ചേർത്തൊരു വിഭവമായ്
മാറ്റുന്നു ...........

**മനസിന്റെ ശക്തിയായ് അന്നത്തിനമ്മയാണെ-**

**ന്നും അടുക്കളവീടിന്റെ സ്വർഗമാണല്ലോ ........**

ലേഖനം

# വഴി തെറ്റുന്ന കൗമാരം

മുഹമ്മദ് സഫ്വാൻ

*വിജ്ഞാനത്തിന്റെ ഉത്തുംഗതയിലേക്ക് ഉജ്ജയനം നടത്തി ഇന്നത്തെ ആധുനികസമൂഹം അഹങ്കരിക്കുമ്പോഴും സാംസ്കാരിര ശൂന്യതകൾ വിളിച്ചോതുന്ന ആഭാസപകിലമായ പ്രക്രിയകൾ ദിനംപ്രതി വർധിച്ചുനരുകയാണ് ഒന്നാമത്തെകാരണം സാമൂഹിക മാധ്യമങ്ങൾ ആണ് ഇന്നത്തെ കൗമാരം ന്യൂജനറേഷൻ ആയി മാറുമ്പോൾ അവയെ വഴിതെറ്റിക്കാനും സാമൂഹിക മാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്*

*സമൂഹമാധ്യമങ്ങൾ വെറും വഴിതെറ്റിക്കാലൻ മാത്രമല്ല അവയിൽ ഗുണവുമുണ്ട്. സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ അറിവും വാർ ത്താപരമായകാര്യങ്ങളും ലോകത്തെ തിരിച്ചറയാനും സാധികുന്ന സർവ്വന്തതനസംവിധാനങ്ങൾ വർ ദ്ധിച്ചുവരുന്ന ഈ ആധുനികനിലത്തെ എന്തു*